"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് മഹാത്മാഗാന്ധി സർവകലാശാലയുടെ ഓഡിറ്റ് ഫീസ് കടിശ്ശിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.584/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 12/04/2021**

---

പരാമർശം:- മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറുടെ 01/11/2018 തീയതിയിലെ രജി/01/136/2018 നം. കത്ത്

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 1998-99 മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഓഡിറ്റ് ചാർജ്ജിനത്തിൽ 9,45,09,819/- രൂപ കടിശ്ശിക അടക്കേണ്ടതുണ്ട് എന്നും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സർവകലാശാലയ്ക്ക് നോൺ പ്ലാൻ തുകയിൽ നിന്നും ഈയിനത്തിൽ തുക കണ്ടെത്താൻ കഴിയുന്നില്ലെന്നും ആകയാൽ ടി ഓഡിറ്റ് ഫീസ് അടക്കുന്നതിൽ നിന്നും സർവ്വകലാശാലയെ ഒഴിവാക്കണമെന്നും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ സെക്ഷൻ 19(2) below para 2 പ്രകാരം ഒരു സ്ഥാപനത്തെ ഓഡിറ്റ് ഫീസിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം എടുക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ചട്ടങ്ങളിൽ ഇളവു വരുത്തി ഒരു സ്ഥാപനത്തെ മാത്രം ഓഡിറ്റ് ഫീസ് അടയ്ക്കുന്നതിൽനിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കുകയാണെങ്കിൽ ആയത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്നതും മറ്റു സ്ഥാപനങ്ങളിൽ നിന്നും സമാനമായ ആവശ്യം ഉന്നയിക്കപ്പെടുന്നതിനും അതുവഴി സർക്കാരിന്റെ റവന്യൂ ഇനത്തിലുള്ള വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതിനു ഇടയാക്കുന്നതുമാണ്. ഇക്കാരണങ്ങളാൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സാമ്പത്തിക പരാധീനത പരിഗണിച്ച് ഓഡിറ്റ് ഫീസ് ഒഴിവാക്കി നൽകണമെന്ന സർവ്വകലാശാല രജിസ്ട്രാറുടെ ആവശ്യം അംഗീകരിക്കാനാകില്ല. എന്നാൽ ടി സർ വ്വകലാശാലയ്ക്ക് 1998-99 മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഓഡിറ്റ് ചാർജ്ജിനത്തിൽ ഭീമമായ തുക കടിശ്ശികയുള്ള സാഹചര്യത്തിൽ സർവ്വകലാശാലയുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് 22/01/2004 ലെ ജി . ഒ. (പി) 52/2004/ ഫിൻ. നം. ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകി കടിശ്ശിക തുകയായ 9,45,09,819/-(ഒൻപത് കോടി നാൽപത്തി അഞ്ച് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റി പത്തൊൻപത്) രൂപ അഞ്ച് വാർഷിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരമുള്ള ഇളവ് ഇനിമേൽ അനുവദിക്കുവാനാകില്ലെന്നും ഭാവിയിൽ കടിശിക ഉണ്ടാകാതിരിക്കുവാനായി നിലവിലുള്ള നിയമം അനുശാസിക്കുന്ന വിധം നടപ്പു വർഷങ്ങളിലെ ഫീസ് നിർബന്ധമായും ഒടുക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണെന്നും കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നു.

File No.HEDN-B4/581/2018-HEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ്, ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (1072720 EDN-C1/17/2019-FIN dated 26.03.2019)

www.highereducation.kerala.gov.in

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REKHA S
Date: 2021.04.19 10:50:33 IST
Reason: Approved
സെക്ഷൻ ഓഫീസർ